# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*567** — **27.03.2018 ൽ മറുപടിയ്ക്ക്**

## തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ. കെ.വി.വിജയദാസ്<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.ജോർജ് എം. തോമസ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഉദ്ദേശം ഒരു ലക്ഷം ഹെക്ടർ തരിശുഭൂമി ഉണ്ടെന്ന് കണക്കാക്കിയിരിക്കുന്നതിനാൽ തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | എ) തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയുമാണ് അനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം നൽകാൻ വ്യവസ്ഥയുണ്ട്.<br>കൂടാതെ 2017-18 പച്ചക്കറി വികസന പദ്ധതി പ്രകാരം തരിശു ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനു ഹെക്ടറൊന്നിനു 30000/- രൂപയുടെ ആനുകൂല്യം നൽകുന്നു. നെൽ കൃഷിക്കു നൽകുന്നതു പോലെ ഭൂവുടമയ്ക്ക് 5000/- രൂപയും കർഷകനു 25000/- രൂപയും നൽകും. |
| ബി) തരിശുഭൂമി കൃഷി യോഗ്യമാക്കിയെടുക്കുന്നതിന് പ്രാരംഭ ഘട്ടത്തിൽ അധിക ചെലവ് വരുന്നതിനാൽ തൊഴിലുറപ്പപദ്ധതിയിൽ ഇത്തരം പ്രവൃത്തികൾ ഉൾപ്പെടുത്താൻ സാധ്യമാകുമോ; വിശദമാക്കുമോ; | ബി) കൃഷിഭവൻ തലത്തിൽ ത്രിതല പഞ്ചായത്തുമായി ചേർന്നു പദ്ധതികൾ നടപ്പാക്കുന്നതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തിയാണ് നിലമൊരുക്കലും മറ്റു പ്രാരംഭ പ്രവർത്തനങ്ങളും നടപ്പാക്കുന്നത്. കോർപ്പറേഷൻ പരിധിയിലെ കൃഷി ഭവനുകളിൽ മാത്രമാണ് തൊഴിലുറപ്പ് പദ്ധതിയില്ലാത്തതിനാൽ അപ്രകാരം സാധിക്കാത്തത്. |

സി) നെൽ വർഷത്തിന്റെ ഭാഗമായി നെൽകൃഷിക്കനുയോജ്യമായ കൃഷിഭ്രൂമി പരിസ്ഥിതി സൗഹൃദപരമായ സുസ്ഥിര നെൽകൃഷിക്കായി സജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

സി) 2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം1) വരെയായിരുന്നു നെൽ വർഷം ആചരിച്ചത്. നെൽ വർഷത്തിന്റെ ഭാഗമായി പരിസ്ഥിതി സൗഹൃദപരമായ സുസ്ഥിര നെൽ കൃഷിക്കായി കൃഷി ഭ്രൂമി സജ്ജമാക്കിയിരുന്നു.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഘടകങ്ങളായ സുസ്ഥിരകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം, പാടശേഖരസമിതികളുടെ പ്രവർത്തന ചിലവിനായുള്ള പദ്ധതി, കരനെൽകൃഷി വികസനം, തരിശുനില കൃഷി, ഒരുപ്പു കൃഷി ഇരുപ്പു കൃഷിയാക്കുന്നതിനുള്ള പദ്ധതികൾ, നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽ കൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിത ധനസഹായം, പരിസ്ഥിതി സൗഹൃദ, സുസ്ഥിര ആശയങ്ങൾ നെൽകൃഷിയിൽ നടപ്പാക്കുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം, ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം, പാടശേഖര സമിതികൾ സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി ധനസഹായം പദ്ധതിയധിഷ്ഠിതമായി 100 ഇന പരിപാടികളും ഉദ്ദേശിച്ചിരുന്നു. അതിൽ നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദമേഖലയും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകി പദ്ധതിയധിഷ്ഠിതമായി ആനുകൂല്യം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ